ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന

12 (*432) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

(ബി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിരുന്നുവോ ; എങ്കിൽ പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(സി) നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആയിരിക്കണം പുനഃസംഘടന എന്ന് ശിപാർശ ചെയ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിനനുസൃതമായിട്ടാണോ ഇപ്പോൾ പുനഃസംഘടന നടക്കുന്നത് എന്നറിയിക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും സംസ്ഥാനത്തെ നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും പരസ്പരം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സുഗമമാക്കുന്നതിനും നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന ബ്ലോക്കുകളുടെ എണ്ണം കഴിയുന്നിടത്തോളം ഒന്നും പരമാവധി രണ്ടുമായി മുന്നിൽ കവിയാത്തരീതിയിൽ ക്രമീകരിക്കുന്നതിനുമാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്.

(ബി) 8-4-2015-ലെ സ.ഉ.(സാധാ)1079/2015/ ത.സ്വ.ഭ.വ. പ്രകാരം ഗ്രാമവികസന കമ്മീഷണർ കൺവീനറായി നിയമിച്ച ഉപസമിതി ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിരുന്നു. പഠനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ ചുവടെ ചേർക്കുന്നു :

1. ഇരുപത് നിയോജകമണ്ഡലങ്ങൾ ഒരു ബ്ലോക്ക് പരിധിയിൽമാത്രം നിലനിൽക്കുന്നതാണ്. ഈ നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള അവസ്ഥ തുടരും.

LIBRARY ARCHIVES Kerala Legislative Assembly

2. 58 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം ഒന്നായി പുനഃക്രമീകരിക്കും.

3. മൂന്ന് നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള ബ്ലോക്കുകളുടെ എണ്ണം നാലിൽ നിന്ന് രണ്ടായും 18 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം മൂന്നിൽനിന്നും രണ്ടായും കുറയ്ക്കും.

4. 20 നിയോജകമണ്ഡലങ്ങളിൽ വിവിധ കാരണങ്ങളാലും 13 നിയോജക മണ്ഡലങ്ങളിൽ പുനഃക്രമീകരിക്കേണ്ട ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് ആസ്ഥാനം നിലനിൽക്കുന്നതിനാലും ഈ 33 (20+13=33) നിയോജകമണ്ഡലങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഒരു ബ്ലോക്കിൽ ഉൾക്കൊള്ളിക്കത്തക്കരീതിയിൽ പുനഃക്രമീകരണം പ്രായോഗികമല്ല. മേൽ 33 നിയമസഭാ മണ്ഡലങ്ങളിൽ രണ്ട് നിയോജകമണ്ഡലങ്ങളിൽ (കാഞ്ഞിരപ്പള്ളി, നാട്ടിക) മൂന്ന് ബ്ലോക്കുകളും 31 നിയോജകമണ്ഡലങ്ങളിൽ രണ്ട് ബ്ലോക്കുകൾ വീതവും തുടരാം.

(സി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന നിയോജകമണ്ഡലാടി സ്ഥാനത്തിലായിരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായിട്ടാണ് ഇപ്പോൾ പുനഃസംഘടന നടത്താനുദ്ദേശിക്കുന്നത്. പുനഃസംഘടന അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ അവസാന ചിത്രം വ്യക്തമാകൂ.

തൊഴിലുറപ്പുപദ്ധതി

13 (*433) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥിതി തുടർന്നാൽ പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് പുനർ വിചിന്തനം വേണ്ടിവരുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(ബി) തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly